(സി) സബ്സിഡി നിർത്താൻ ഉദ്ദേശ്യമില്ല. രീതിക്ക് ചില ചില്ലറ മാറ്റങ്ങളും വരുത്താൻ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) ഇന്നത്തെ രീതിക്ക്, കേരളത്തിൽ പൂർണ്ണമായി നിർമ്മിക്കുന്ന മലയാളചിത്രങ്ങൾക്ക് അവയുടെ ഗുണനിലവാരം നോക്കാതെയാണ് സബ്സിഡി നൽകുന്നത്. ഈ ആനുകൂല്യം ദുരുപയോഗപ്പെടുത്തുന്നതായി പല ഭാഗത്തുനിന്നും ആക്ഷേപം ഉന്നയിച്ചിട്ടുള്ളതുകൊണ്ട് ഈ രീതിയിൽ ചില മാറ്റങ്ങളും വരുത്തണമെന്ന് ഉദ്ദേശിക്കുന്നു.

ടിമ്പർ കോംപ്ലെക്സ്

*225 [240] ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക ബാങ്കിന്റെ സഹായത്തോടെ സംസ്ഥാനത്ത് ഒരു ടിമ്പർ കോംപ്ലെക്സ് തുടങ്ങാൻ സർക്കാരിന് ഉദ്ദേശ്യമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെ ;

(സി) ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം എത്രത്തോളമായി ?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി.എസ്. ശ്രീനിവാസൻ):

(എ) ഉണ്ട്.

(ബി) നിലമ്പൂരിൽ.

(സി) ഈ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച പ്രായോഗികവും സാങ്കേതികവുമായ വശങ്ങളെപ്പറ്റി ഒരു വിദഗ്ദ്ധ എജൻസിയെ കൊണ്ട് പഠനം നടത്തേണ്ടതാണെന്ന് ലോക ബാങ്കിന്റെ പ്രതിനിധികളും നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് ഈ പദ്ധതിയുടെ എല്ലാ വശങ്ങളെയും പറ്റി പഠിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ അഗ്രികൾച്ചറൽ ഫൈനാൻസ് കോർപ്പറേഷനുമായി ഈ ഗവൺമെന്റ് ഒരു കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രസ്തുത കരാറിലെ നിബന്ധനയനുസരിച്ച് ഈ പദ്ധതിയുടെ വിശദപഠനത്തെപ്പറ്റിയുള്ള ആദ്യപഠനഭാഗത്തിന്റെ റിപ്പോർട്ട് 6 മാസത്തിനകം ഗവൺമെന്റിന് നൽകണമെന്നാണ് വ്യവസ്ഥ. റിപ്പോർട്ട് ഇതുവരെയും ഗവൺമെന്റിന് ലഭിച്ചിട്ടില്ല. റിപ്പോർട്ട് കിട്ടിയതിനുശേഷം മാത്രമെ ഈ പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച് മറ്റു നടപടികളും സ്വീകരിക്കാൻ നിർവ്വാഹമുള്ളു.

(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് കമ്മീഷണറുടെ ആഫീസിന്റെയും കാർട്ടേഴ്സിന്റെയും നിർമ്മാണം

497 (720) ശ്രീ. കെ. സി. വാമദേവൻ : താഴെ കാണുന്ന ചോദ്യത്തിന് മരാമത്തും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് കമ്മീഷണറുടെ ആഫീസിന്റെയും കാർട്ടേഴ്സിന്റെയും നിർമ്മാണത്തിനു പട്ടം പാലസ് കോംപൗണ്ടിലെ എത്ര ഏക്കർ സ്ഥലമാണ് വിലയ്ക്കെടുത്തത് ?

LIBRARY ARCHIVES Kerala Legislative Assembly